TM243850T

Reg. No :...............................

Name :...............................

**MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024**

**2023 ADMISSIONS REGULAR**

**SEMESTER III - CORE COURSE MALAYALAM**

**MA3C11M - Adhunika Malayala Kavitha - Randam Ghattam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. "പൊട്ടനാണല്ലോ ഭവാനിന്നുമിത്രമേൽ
   കൊള്ളുകിലൊന്നിനും നിങ്ങളെയിത്തരം
   പൊള്ളത്തരങ്ങളാൽ തൃപ്തിപ്പെടില്ല ഞാൻ "- ആശയം വ്യക്തമാക്കുക.
2. "പാണിയോലുന്ന വിധ്വംസസിദ്ധിയാൽ
   ഞാൻ നിനക്കിന്നു തുല്യനെന്നോർക്കണം"- ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?
3. അടിച്ചമർത്തപ്പെട്ട സ്ത്രൈണചിത്രങ്ങൾ 'പെങ്ങൾ' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് എപ്രകാരമാണ്?
4. 'മത്സ്യം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
5. ആത്മാനുഭവത്തിൻറെ പൊള്ളുന്ന കവിതയായി 'കണ്ടത്തി' മാറുന്നതെങ്ങനെ ?
6. 'അടുക്കള' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ജീവിതചിത്രങ്ങൾ വിവരിക്കുക.
7. 'സസ്യങ്ങളും പെണ്ണുങ്ങളും ഇല്ലാത്ത പുസ്തകമല്ലേ '- സന്ദർഭവും സൂചനയും വ്യക്തമാക്കുക.
8. 'മുഹൂർത്തം ' എന്ന കവിത നൽകുന്ന ആശയമെന്ത്?
9. "സംസ്കൃതവാർത്ത കേൾക്കുമ്പോൾ
   അമ്മ അത് പൂട്ടിവയ്ക്കാൻ പറഞ്ഞ്
   പണിക്കിറങ്ങുന്നു " - ഈ വരികൾ നൽകുന്ന ജീവിതയാഥാർഥ്യമെന്ത് ?
10. "പഠിച്ച സ്കൂളിൽ ഞങ്ങൾ താമസിച്ചിട്ടുണ്ട്
    ചിലപ്പോഴൊക്കെ അറിവ് ഒരഭയമാകുന്നതുപോലെ" - സന്ദർഭവും ആശയവും വ്യക്തമാക്കുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. നാഗരികജീവിതത്തിൻറെ വിരുദ്ധദ്വന്ദങ്ങളെ 'ബസ് സ്റ്റോപ്പിൽ 'എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?
12. ഭക്തിയും രതിയും 'കാട്ടാളൻ' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് എപ്രകാരമാണ്?
13. മനുഷ്യബന്ധങ്ങളിൽ പ്രകടമാകുന്ന കാപട്യവും ആത്മവഞ്ചനയും ശക്തമായി പൊളിച്ചു കാട്ടുന്ന കൃതിയാണോ 'കഷണ്ടി'? - പരിശോധിക്കുക.
14. വെട്ടിച്ചുരുക്കപ്പെടുന്ന ജീവിതത്തെ 'മത്സ്യം' എന്ന കവിത അനാവരണം ചെയ്യുന്നതെങ്ങനെ ?
15. ഉത്തരാധുനികതയുടെ ആദ്യാങ്കുരങ്ങൾ കെ ജയശീലൻ, സച്ചിദാനന്ദൻ പുഴങ്കര എന്നിവരുടെ കവിതകളെ മുൻനിർത്തി പരിശോധിക്കുക.
16. 'രാഷ്ട്രതന്ത്രം' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന സാമൂഹികതലങ്ങളെ അടയാളപ്പെടുത്തുക.
17. നാഗരികസംസ്കാരത്തിൻറെ കടന്നുകയറ്റംകൊണ്ട് നഷ്ടമാകുന്ന ഗ്രാമീണസംസ്കൃതിയെ പ്രതീകവൽക്കരിക്കുന്നതാണ് 'വില്പന 'എന്ന കവിത - വ്യക്തമാക്കുക.
18. മരണത്തിൻറെ നിസ്സംഗതയും പ്രണയത്തിൻറെ ആസക്തിയും ഒത്തുചേരുന്ന കവിതയാണ് 'മരിച്ച വീട്ടിലെ പാട്ട്'- വിലയിരുത്തുക.

**Part C**

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. വിപ്ലവാധുനികതയുടെ സ്വഭാവമുള്ള കവിതകൾ മലയാളഭാവനയുമായി സംവദിച്ച സാഹചര്യം 'പിതൃഗമനം', 'ഗംഗനാരായണൻ' എന്നീ കവിതകളെ മുൻനിർത്തി വിവരിക്കുക.
20. അനീതിക്കെതിരേയുള്ള നീതിയുടെ പ്രയോഗം എന്ന നിലയിൽ ആധുനികകവിതകൾ മാറുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.
21. ആധുനികാനന്തര കവിതകളുടെ വിവിധധാരകൾ സെബാസ്റ്റ്യൻ, എസ് ജോസഫ്, മോഹനകൃഷ്ണൻ കാലടി എന്നിവരുടെ കവിതകളിൽ ഉൾച്ചേരുന്നതെങ്ങനെയെന്ന് പരിശോധിക്കുക.
22. ഉത്തരാധുനിക കവിതയിലെ വിവിധ ധാരകൾ രൂപത്തിലും പ്രമേയത്തിലും വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ? വിശദീകരിക്കുക.